പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 150

18.03.2013-ൽ മറുപടിക്ക്

## താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | നിർദ്ദിഷ്ട താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) | മലപ്പുറം ജില്ലയിലെ താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനായി 75% കേന്ദ്രധനസഹായപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ പ്രധാന ഇനങ്ങളായ പുലിമുട്ട്, വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട്, ഡ്രെഡ്ജിംഗ്, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ എന്നീ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുകയും 27.03.2013 അവസാനദിവസമായി മുൻയോഗ്യതാ നിർണ്ണയ ദർഘാസുകൾ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ടെണ്ടർ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ; | (ബി) | മുൻയോഗ്യതാ ദർഘാസിന് പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച ശേഷം നിരക്ക് രേഖപ്പെടുത്തിയ പ്രത്യേക കവർ തുറന്ന് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | എന്തൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ നടത്താനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ; | (സി) | പ്രധാന ഇനങ്ങളായ പുലിമുട്ട് വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട്, ഡ്രെഡ്ജിംഗ്, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ എന്നീ പ്രവൃത്തികൾ ആണ് ഇപ്പോൾ നടത്താനുദ്ദേശിക്കുന്നത്. |
| (ഡി) | എന്നത്തേക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ ? | (ഡി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെട്ടാലുടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ